# ആർദ്രം



## പേരറിയാത്ത വേരുകൾ


കണ്ണിലാഴ്ത്തി
വെയിൽപായയിൽ
ധ്യാനിച്ചു കിടന്നിരുന്നു
ഒരു ഇടവഴി
കാണാത്ത കൂടപ്പിറപ്പിനും
പതിയാത്ത കുഞ്ഞിക്കാലിനും
കുന്നിക്കുരു കാത്തുവെച്ചും
മനസിലെ വ്രണിതമാളങ്ങളിൽ
പാമ്പുകളുറയുരിച്ചനാഥമാക്കിയും
മൗനം കുടിച്ചു വീർത്ത
ഏകാകി
ഒടുക്കം
കരിയില പുതപ്പിനെ
കാലവർഷം
കവർന്ന രാത്രിയിൽ
തണുത്ത് വിറച്ചാണ് കണ്ണടച്ചത്
അഴുകിയ ജഢത്തെ
മറവു ചെയ്യാൻ
അരികിലെ മതിലുകൾ
മറന്നിരുന്നില്ല.

മുഹമ്മദ് യൂനുസ് ടി.കെ.
ഒന്നാം സെമസ്റ്റർ എം.കോം



# "ബാലൻസ് ഷീറ്റ്"

ക്ലാസ്സ് മുറിയിലെ മുഷിപ്പിക്കുന്ന
വാഗ്ധോരണികളിലും
ലൈബ്രറിയിലെ, കാറ്റുപോലും കടക്കാത്ത
അലമാരികളിലെ തടിച്ച പുസ്തകങ്ങളിലും
മറ്റു വല്ലവരുടെയും ചിന്തയെ
വിഴുങ്ങുന്നതിനിടയിൽ
ഞാനെന്റെ ക്രിയാത്മകതയെ
എവിടെയോ വെച്ചുമറന്നു.
എന്റെ ചിന്ത എനിക്കന്യമായി,
ഞാൻ തന്നെ എനിക്കപരിചിതനായി
ഷെല്ലിയേയും ഷേക്സ്പിയറേയും
ഉറക്കമിളച്ച് ഉരുവിടുമ്പോൾ
ഞാൻ ഹരിശ്രീയുടെ മാന്ത്രികവിദ്യ മറന്നു.
അമ്മിഞ്ഞപ്പാലിന്റെ ആദ്യാക്ഷരങ്ങളും മറന്നു.
ചാരിത്ര്യം നഷ്ടപ്പെട്ട ചരിത്രപുസ്തകങ്ങളിൽ
സ്ത്രീലമ്പടന്മാരും കലഹപ്രിയരുമായ
(മഹാ)രാജാക്കന്മാരുടെ പൊങ്ങച്ചങ്ങൾ
എന്റെ മസ്തിഷ്കത്തെ പ്രക്ഷാളനം ചെയ്തു
ചരിത്രത്തിനു ചാരിത്ര്യം നഷ്ടമായതുപോലെ
എനിക്കെന്റെ വേരുകളും നഷ്ടമായി.
ഡാർവിന്റെ തിയറിയുടെ
ശരികളും തെറ്റുകളും
വെള്ളം ചേർക്കാതെ വീണ്ടും വിണ്ടും വിഴുങ്ങി
എനിക്കെന്റെ ബുദ്ധി നഷ്ടമായി.
പകരം ആസ്ട്രിയോ പിത്തിക്കസ് എന്ന പേര് കിട്ടി
രാസപദാർത്ഥങ്ങൾക്കും
ഏക കോശ ജീവികൾക്കുമിടയിൽ
ഈ പരീക്ഷണശാലയിൽ
ഞാനുമൊരു ഗിനിപ്പന്നിയായിരിക്കുന്നു.
ഊർജ്ജ - ദ്രവ്യ സംരക്ഷണനിയമങ്ങൾ
ആവോളം ഭക്ഷിച്ച്
പൊട്ടൻഷ്യൻ എനർജിയും കൈനറ്റിക്ക് എനർജിയും
ആവോളം സംഭരിച്ച്
സ്റ്റാറ്റിസ്റ്റിക്സിലൂടെയും ഡൈനാമിക്സിലൂടെയും
ഒരു പാടു സ്വപ്നാടനം നടത്തി
ഒടുവിൽ ഉറക്കമുണർന്നപ്പോഴേയ്ക്കും
ഞാൻ പുറപ്പെട്ടേടത്തുനിന്നും ഒരു പാട്
പുറകിലായിരുന്നു.
ആയുസ്സിനെ ശരീരം കൊണ്ടും
ബുദ്ധിയെ ചിന്തകൊണ്ടും
കൂട്ടിയും കുറച്ചും
ഗുണിച്ചും ഹരിച്ചും നോക്കിയപ്പോൾ
ഞാനുരുവിട്ടു പഠിച്ച ഗണിതശാസ്ത്രം
എനിക്ക് സമ്മാനിച്ചത് വലിയ ഒരു പൂജ്യമായിരുന്നു
ഇവിടെ എന്റെ കണക്കുകൂട്ടലുകൾ
ശരിയാവുമ്പോൾ എനിക്ക് മാർക്കുകൾ കൂടുന്നു
തെറ്റിപ്പോവുന്ന കണക്കുകളും
സാക്ഷാൽക്കരിക്കപ്പെടാത്ത സ്വപ്നങ്ങളും
എന്നിൽ കവിത വിരിയിക്കുന്നു.
സാക്ഷാൽക്കരിക്കപ്പെട്ട എന്റെ സ്വപ്നങ്ങൾ
എനിക്കൊരു വെള്ളക്കോളർ തന്നു.
പകരം ഞാനെന്നെത്തന്നെ പണയം വച്ചു.
ഒടുവിൽ
ഇന്നലെകളുടെ ബാലൻസ്ഷീറ്റിൽ
നഷ്ടത്തിന്റെ കോളത്തിൽ
ഭ്രൂണഹത്യക്ക് വിധേയമായ എന്റെ കവിതയോടൊപ്പം
ഞാനെന്നെയും കണ്ടെത്തി
അപ്പോഴേക്കും എന്റെ ജീവിതത്തിന്റെ
പാഠപുസ്തകം ചിതലരിച്ചിരുന്നു.



# Behind Every........

Sharafudheen C.V
Second B.A. English

In this deep silence, I hear
the whispering of my true real angel
In the star studded firmanent I sea
the crescent moon smiling upon me
In this sweet night I feel
The dreams pouring me the nectar of love
The serenity elivates me into solitude
the cool breeze melts my griefs
all the past vanish before my eyes
as the dark disappear at dawn
Yet I see shy shadowed eyes
like the morning dew that still my heart
the yearning had in my heast to a glance
as the thirtsy man's lips approaches water
Still I know these glistening will fade
and I remember your words that
there is a quivering spring behind every winter
there is a smiling dawn behind every night.



Sreebha.S.Kutty
second B.Sc Botany

# Dreams of your arrival

Without you there is no gasp and breath in my life
Days are dull, the sky cast with clouds ready to face storm
The sun is hidden, nimble sparkling brightly with fire workes
Rain is so swift dripping its endless pearl drops
But I know one day I will surely each my destination.

Why do you go far away from me leaving immersed in thoughts ?
I know you are close to me, so close that I can feel you
But my thoughts disappoint me, hopes get lost to confuse me
Some say don't waste your valuable time in meaningless job
I forgive them because they don't really know who you are

I will be waiting for you as long as the world servives
So true is my love that I can do anything to achieve it
Our meeting was brief it must be God's dcision and fate
Let's go into our reverie for time is short and lacking
I cannot leave you for you are dearer to me than anything

Every night you appear in my dream of vision as a spirit that awakens me
You enlighten my sleep with our fancies seeming so dabbing
In your presence I am cazy no what matter unpleases me
your eyes illuminate the darkness, smile abrade my sombre
My life is wasteless without you for your gaze still assist me.
I still remember the days, weeks, months spent together
that days were so captivating fond of memories so blithing
Now so more on, solitary, blur none to tamper as you
But I not worry, when I blink my eyes you allur me
I appreciate the antitheses of yours which guided my life through out.

Deep Deep in my heart I still owe you something
Something hunts me, perhaps have I heart you at any tone
Your dreams will never terminate my life beaons on it
why does lover get detached ? it really breaks my heart
I shall always be waiting for you sweet heart, till my soul exists

# കാത്തിരിപ്പുകൾ

സമീറ. എം
രണ്ടാം വർഷ ബി.എ. സോഷ്യോളജി

ഇത് കലാപ ഭൂമി
ആരോ വലിച്ചിഴക്കപ്പെട്ട-
ഒറ്റയാം അർദ്ധപ്രാണൻ മാത്രം ഞാൻ.
എനിക്ക് കൂട്ടിനായ്
എൻ മൃത്യുവിനായ് കാത്തിരിക്കുന്ന കഴുകൻ.
വിശപ്പടക്കാനുള്ള ആശയോടെ
വളഞ്ഞ കൊക്കുമായ്, ചുവന്ന കണ്ണുമായ്
അതെന്നെ തുറിച്ചു നോക്കി.
പാതി തുറന്ന നയനങ്ങളും
പിടയുന്ന മാർവിടവും
വിറക്കുന്ന ചുണ്ടുകളും
വരണ്ട തൊണ്ടയും ജീവന്റെ തെളിവുകൾ.

ഞാൻ കാതോർത്തു,
രക്ഷയുടെ കാലൊച്ചക്കുവേണ്ടി.
ചുണ്ടുകൾ ചലിച്ചു,
ഒരു തുള്ളി വെള്ളത്തിനു വേണ്ടി.
ക്ഷീണിച്ചു കൈകൾ പൊക്കാൻ ശ്രമിച്ചു,
കാരുണ്യത്തിന്റെ ചൂണ്ടുവിരലിനു വേണ്ടി.
കണ്ണുകൾ തുറന്നു,
ദയയുടെ പ്രകാശത്തിന് വേണ്ടി.


അപ്പോഴും.....
കഴുകൻ കാത്തിരിക്കുന്നു
എൻ ഹൃദയത്തിൻ നിശബ്ദതക്ക് വേണ്ടി.
കണ്ണിലെ നിശ്ചലതക്ക് വേണ്ടി.
അതിന് പ്രതീക്ഷയുണ്ട്
എന്നരികിൽ മരണം വന്നെത്തുമെന്ന പ്രതീക്ഷ.
മനുഷ്യ മാംസത്താൽ വിശപ്പടക്കാമെന്ന പ്രതീക്ഷ!

എനിക്കോ.....?!
നിരാശ മാത്രം ബാക്കി.
എന്റെ കണ്ണുകൾ കണ്ടു,
സ്നേഹ ശൂന്യമായ,
കാരുണ്യത്തിൻ ഉറവ പൊടിയാത്ത ഹൃദയം.
എന്റെ കർണ്ണങ്ങൾ കേട്ടു,
വാളും ശൂലവും കൂട്ടിമുട്ടുന്ന ശബ്ദം!
'മനുഷ്യ വേഷധാരികൾ'
അട്ടഹാസത്തിൻ ഈരടിയോടെ
മൃഗീയ നൃത്തമാടുന്ന ശബ്ദം!
ദൂരെ, എവിടെ നിന്നോ ദീനരോദനങ്ങൾ
കൂടെ ആഹ്ലാദാരവങ്ങളും.

അടുക്കുകയാണവർ
അവരുടെ കുളമ്പടിയൊച്ചകൾ
എൻ കർണ്ണപടങ്ങളിലേക്ക് തുളച്ചു കയറുന്നു.
ഞനറിഞ്ഞു- അവരെത്തിയെന്ന്.
കഴുകൻ പറന്നു പോയ്
വേദനയാൽ പിടയുന്ന മേനിക്ക് മുകളിലൂടെ
ഹാ........ അമ്മേ.....!
എൻ വ്രണിത മേനിയിലൂടെ
ചവിട്ടി മെതിച്ചവർ കടന്നുപോയ്.

ഇതാ..... കഴുകൻ തിരിച്ചെത്തി.
വീണ്ടും കാത്തിരിപ്പ്!
ഹൃദയത്തിൻ നിശബ്ദതക്ക് വേണ്ടി
കണ്ണിലെ നിശ്ചലതക്ക് വേണ്ടി.

എന്റെ പ്രതീക്ഷയുടെ പ്രകാശനാളങ്ങൾ
അന്ധകാരത്തിൻ അനന്തതയിലേ-
ക്കോടിയൊളിച്ചു.
ഇപ്പോൾ...... ഞാനും കാത്തിരിക്കുന്നു.
ചലിക്കാനാവാത്ത മേനിയോടെ
സഹിക്കാനാവാത്ത നൊമ്പരത്തോടെ
മരണത്തിന്റെ കനിവിന് വേണ്ടി.




# MEASURE FOR MEASURE

Abdul jaleel.B
Second sem: M.A. English



Measuring simply means counting
count yours and mine
It is the usual way
to let the world go.
Once you stopped, you stopped doing...
living and breathing,
Eating or shitting
or yours act of killing,
and of mine! life's Action.
In 1616 one great man done
or born to eternity, as you like it
That year he, my pa
oh, it was this year you......
If one breaks
What to the other it means?
Death yeh?
or that is what life can
can 'give' or 'give not'
oh, puzzles, strain
and puzzles again.
Counting may be in months
To be more specific
when one is born
or the other gets married
June or July or.......
April is the cruellest month
or what?
In days, hours and minuits
Now sometimes in second even
Call now me a villain
to be alive
When I can count no more
not in years, months, days or what else.
When mechines offer the 'd'
instead of clock's tick and tick
and of Heart
'd d d....' even without a coma
minuit by minuit, no
d by d
Howmany times in a......
the time is too shrunk
even to an heart throb.
sorry.....
I speaks not
not for palastines
not for them, or them
only for me, meself



ജെനീഷ
ണ്ടാം വർഷ ബി.എ ഇക്കണോമിക്സ്

ഋതുമാറുമിക്കാലം
പുതുവസ്ത്രമണിയിക്കെ
നിഴൽ വീണ താഴ്വരകളിൽ
നീലക്കുറിഞ്ഞികൾ പൂത്തതും
ശലഭങ്ങൾ പൂക്കളിൽ
പ്രണയം പകുത്തതും
മേഘങ്ങൾ ദൂതുമായ്
മണ്ണിലേക്കാഴ്ന്നതും
കാഴ്ചയിലൊരു കാഴ്ചതേടി
നീയെന്നെത്തിരഞ്ഞതും
ഇന്നലെകളിലായിരുന്നു.

ഉൺമയുടെ നീലവെളിച്ചം മറഞ്ഞ്
ദൂരെ ചക്രവാളമിരുണ്ടതും
നാളെയുടെ ഗർത്തങ്ങളിലേക്ക്
ആകാശം കണ്ണീർവാർക്കെ
പറവകൾ സ്വച്ഛത തേടിയതും
നീളെയീ വഴികളിൽ
നാളുകൾ കരിഞ്ഞതും
നാളെകൾ പിറന്നതും
ഇന്നിന്റെ നോവയിരുന്നിരിക്കാം

നാളെ, നിഴലുകൾക്കകം
തടവറകൾ തീർക്കപ്പെടുമ്പോൾ
കുറിഞ്ഞികൾ പൂത്ത താഴ്വരകൾക്ക്
ചുവപ്പുനിറമായിരിക്കും

ആകാശത്തിന്റെ ശൂന്യതയിൽ
മഴയൊരു വേഴാമ്പലായ് കേഴുമ്പോൾ
നെഞ്ചെരിയുന്ന കിനാക്കൾ
ചിറകറ്റുവീണ പറവയ്ക്കുമീതെ
ഉന്മാദനടനമാടുന്നുണ്ടാവും
അലറിത്തുള്ളുന്ന വാളുകൾ
അലറാത്ത നാവുമരിഞ്ഞുവിഴ്ത്തുമ്പോൾ
ഒരു പക്ഷേ, ഇനിയൊരു ഭാവി
യന്ത്രങ്ങൾക്കടിപ്പെട്ട കബന്ധങ്ങളുടേതും
ഒരു നുള്ളുഭക്ഷണവും കുടിനീ

രും തേടി
ആർത്തലയുന്ന വിധിയുടേതും മാത്രം.

ആശകളില്ലാത്തൊരാ ലോകത്തേക്ക്
നടന്നടുക്കും മുമ്പിപ്പഴേ, വയ്യ:
ചിന്തകളുടെ ഗർഭ ഭാരത്തിൽ
തലയാഴത്താൻ
എല്ലാമൊരു ചോദ്യചിഹ്നത്തിലൊതുക്കി
വരൂ നമുക്കിത്തിരി നേരമാശ്വസിക്കാം.

# നാം നമ്മിലേക്ക് മടങ്ങുക

1

എന്റെ നിഴലിന്
നീളം കൂടിയത് ഞാനറിഞ്ഞത്,
പാതിരാചന്ദ്രന്റെ
പാതിനഷ്ടപ്പെട്ട
'മുഖത്തിന്'നേരെ
കാർക്കിച്ച് തുപ്പാൻ
ഒരുങ്ങിയപ്പോൾ;
പൊടുന്നനെ
മുന്നിൽ നിന്നും പിന്നിൽ നിന്നും
വെളിച്ചം,
നിഴൽ എന്നിലേക്ക് തന്നെ
ഉൾവലിഞ്ഞു.

.......................................

2

ഉറങ്ങിയുണരുമ്പോഴേക്കും
എന്റെയസ്ഥിത്വം
കഴുകന്റെ കൊക്കിൽ,
പിടയുകയായിരുന്നു.
കടൽ കടന്നു പോകുന്ന
കാറ്റിനോടൊപ്പം,
കഴുകൻ പറന്നകന്നപ്പോൾ
അറിയാതെ, ചിന്തിച്ചു,
ദൈവത്തിന്റെ വരദാനങ്ങൾ
ആരാമങ്ങളും അരുവികളും
'അസ്ഥിത്വ'ഭോജിക്കഴുകന്റെ
പിളർന്ന കൊക്കിനിടയിൽ
ഊർദ്ധ്വൻ വലിക്കുമ്പോൾ
എനിക്ക് മാത്രം
എന്നെയെന്തിന്.......?

അരുത് കാട്ടാളാ
വെളിച്ചത്തെകൊല്ലരുത്
വെളിച്ചത്തിന്റെ ഗതിയിൽ നിന്നും
നീ ആയുധത്തെ പിൻവലിക്കുക.
ഇരുളിന്റെയും വെളിച്ചത്തിന്റെയും
സംഗമസ്ഥാനത്ത്
നീ ജാഗരൂകനാവുക.......!

.......................................


3.

കൂരയുടെ വാതിലുകളും
പട്ടിണികാർന്നുതിന്നപ്പോൾ
പിച്ചയ്ക്കിറങ്ങിയ
കുരുന്നിന്റെ കണ്ണിലെ
പ്രകാശത്തിന്
സൂര്യനേക്കാൾ തീവ്രത..........

സ്വയം ഉരുകി
പ്രകാശമേകുന്ന
മെഴുകുതിരിയുടെ ഇത്തിരിവെട്ടം,
ആറ്റം ബോംബിന്റെ
പ്രകാശത്തേക്കാൾ ഉന്നതിയിൽ.....
കംപ്യൂട്ടർ മോണിറ്ററിൽ നിന്നും
ബഹിർഗമിക്കുന്ന നീലവെളിച്ചം
ആദിവാസിക്കൂരയിലെ,
മൺചെരാതിന്റെ പ്രകാശത്തേക്കാൾ
മഹത്തരമാകുന്നതെങ്ങിനെ...??
വെളിച്ചത്താൽ ചുറ്റപ്പെട്ട
അന്ധകാരത്തിലമർന്ന
ലോകത്തിന് മേൽ
പ്രകാശമേകാൻ
നീയൊരു പുതുസൂര്യനാവുക
അല്ലെങ്കിൽ മെഴുകുതിരി,
അതുമല്ലെങ്കിൽ
ഒരു മൺചെരാതെങ്കിലും.......

ശബീർ കെ.വി.
രണ്ടാം വർഷ ബി.എ.
ഇക്കണോമിക്സ്





# നിലാവ് പരന്നിട്ടില്ല

ഷിംനാ സീനത്ത് കളത്തിൽ
ഒന്നാം വർഷ ബി.എസ്.സി കെമിസ്ട്രി

**തി**ളയ്ക്കുന്ന ശേഷിപ്പിന്റെ
അടിയൊഴുക്കിൽ-
കൂപ്പുകുത്തിയ പുഴയുടെ
അസ്ഥിക്കൂടം കൊണ്ട് നിർമ്മിച്ച
കുറെ, പ്രാകൃത ബിംബങ്ങൾ
ഓർമ്മിക്കാൻ, ഒരു പകൽ കിനാവ്പോലും
ബാക്കിവെക്കാതെ-
വരണ്ട പുഴയിൽ, ഒരു പരൽമീനിന്റെ
നനുത്ത പുഞ്ചിരി
കരച്ചിലിന്റെയും ചിരിയുടെയും
അതിർവരമ്പ് നഷ്ടപ്പെട്ട പേക്കൂത്ത്
ദിവസങ്ങൾക്ക്,
വെട്ടുകത്തിയുടെ ഛായ
നിലാവ് പരന്നിട്ടില്ല
അന്നം നഷ്ടപ്പെട്ട മൗനങ്ങൾ
കല്ല് കൂർപ്പിക്കുന്നു.

# ഒരു സഹയാത്രികന്റെ പേക്കിനാവ്

അക്ബർ.സി.
ഒന്നാം വർഷ ബി.എ. ഇംഗ്ലീഷ്

തീവണ്ടി കുലുങ്ങി കുലുങ്ങി
യാത്രയാരംഭിച്ചു!
അറച്ചുനിൽക്കും മച്ചന്തരങ്ങൾ
പുകയൂതുന്ന യന്ത്രങ്ങൾ.
കിനാക്കൾക്ക് സ്വാർത്ഥതയുടെ
ഉപ്പ്രസം.
സ്നേഹത്തിന്റെ കടൽക്കാറ്റ്
വിദൂരതയിലെ മുത്തശ്ശിക്കഥ
അമ്മിഞ്ഞക്കും മുരടിപ്പിന്റെ
കൈപ്പ് നീര്.
സൗഹൃദമൊരു മാറാവ്യാധിതൻ
തീരാനഷ്ടം.
ചവർക്കുന്ന സംഗീതം പോൽ
വിരഹത്തിന്റെ രോദനം
ആത്മാവിന് ആഴക്കടലിൻ
നൊമ്പരം
പ്രണയം ഭൂതത്തിലെ കാണാമഴ
കഠാരയുടെ മൂർദ്ധാവ് വിദ്വേഷത്തിന്റെ കരിനിഴൽ
തീവണ്ടി പാളത്തിൽ ഞെരിഞ്ഞമർന്നു.
ജീവനനന്തതയിലലിഞ്ഞു ചേർന്നു
അവിടെ ശംഖൊലിയും ബാങ്കൊലിയും മണിനാദവുമേകം.

Shihab K.K.
Second BBA



# REASONING

A scape goat,
A panic in pain
she runs and runs
Always seems unescaped
falters in tatters, cannot stop.
my teacher
unable to stop
She talks and talks;
specs and sarries, debts and dresses.
Jwels and her job
Kitchen and her kids.
Unable to a stop.
Her bag swings
Hanging on her shoulders,
It swings again.
As though her being,
Life or her breath, cease once it stills.
packed so much in hurry I can see her bag,
its sar tickle, bleaks, smells...
It was more fresh.
Than that of a packed trunk.

ബീന
ണ്ടാം വർഷ ബി.എ മലയാളം




ഇനിയുറങ്ങട്ടെ....!
ജന്മപാപത്തിന്റെ നിഴലടർത്തി
മനസ്സിന്റെ കുടന്നയിൽ
കൈവിടാനരുതാത്ത
വിശ്വാസഗോപുരങ്ങളെ ചേർത്തു പിടിച്ച്
വേറിട്ട കാഴ്ചകളിലേക്ക്...!

പുല്ലാനിക്കാടുകളിൽ
പതിയിരിക്കുന്ന
പച്ചിലപ്പാമ്പുകളെ മറന്ന്
കൈതക്കാടുകളിൽതലനീട്ടുന്ന
വിഷസ്വപ്നങ്ങളെമറന്ന്
ഞാനുറങ്ങട്ടെ...!

വഴികൾ
അവസാനിക്കുകയാണ്......
അവിരാമം തുടരുന്നയാത്രയിൽ
നടന്നുകയറാനിനി
മേഘവീചികളുടെ
അദൃശ്യതാളങ്ങൾ..

ശമനതാളം മുറുകിയിറങ്ങുമ്പോൾ
കൈവിട്ടയാകാശങ്ങളേയും
ഒപ്പമുണ്ടായിരുന്ന മൺതരികളേയും
എന്നേയ്ക്കുമായി വലിച്ചെറിഞ്ഞ്
ശേഫാലികപ്പൂക്കൾ വീണുകിടക്കുന്ന
നാൾവഴികളുടെ
ഉർവ്വരതയെപ്പുലകിയുറങ്ങട്ടെ ഞാൻ!
ഇനി സാമതാളം !!

ഹാസിൽ പി.എൻ.കെ.
ഒന്നാം വർഷ ബി.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ്


# തമസ്സ്

മാനിഷാദ........!
വെളിച്ചത്തെകൊല്ലരുത്
ലൗകികമന്ത്രത്തിൻ
വഴിത്താരകളിൽ
തേജഃപുഞ്ജമായി
വെളിച്ചത്തെ തേടിയപ്പോൾ
കാക്കകൾ കൂട്ടമായി കരഞ്ഞു.
വാടിയ വെയിൽ
കരിഞ്ഞ നിഴൽ
നിയോൺ വെളിച്ചമേൽക്കുമ്പോൾ
'വെളിച്ചം' മരിക്കുന്നു!
വെളിച്ചത്തിന് മേൽ
ദുഃഖമത്രെ......!!
ദൂരെ വേട്ടക്കാരന്റെ ഏറുമാടത്തിൽ
പാട്ടവിളക്ക് മുനിഞ്ഞുകത്തുന്നു:
നിലാവെളിച്ചത്തെ പരിഹസിച്ച്.
ഹൃദയ ഭൂമിയിൽ
കത്തിച്ച മെഴുകുതിരി
ഉരുകിയൊലിക്കുമ്പോൾ
തമസ്സിന്റെ കട്ടി
വർദ്ധിക്കുകയായിരുന്നു.
അകലെ
മരുഭൂമിയുടെ പുറം പോക്കിൽ
മരുപ്പച്ച തേടിയലഞ്ഞ
അശ്വം വഴിതെറ്റിനിന്നപ്പോൾ
ആകാശത്തിൽ
ധ്രുവനക്ഷത്രമുയർന്നു.
ലോകത്തിനുതന്നെ
വഴികാട്ടാൻ.......

# The Last Echoes

Jancy N.K.
Second B.A. English.

The waves of my tears
Surge in to the heart
The wail of my woes
Lost in silence
Seething fire
Inflames the soul
Bleeding heart
Sobs in solitude
Dreams and desires
Turn to despire
Heartless shadows
Pursue my paths
The end looms and
My time's almost done
Oh, the dusk gathers round me
And I stretch my hands to heaven
Now let me sleep on your lap
Lost all feelings of time




ഫാറൂഖ് തിരൂർ
രണ്ടാം വർഷ സോഷ്യോളജി



# ഉൾകാഴ്ച്ച

വരാതികളുടെ ഭാണ്ഡക്കെട്ടിനുമേൽ
ഞാൻ തളർന്നു വീണപ്പോൾ,
കൈത്താങ്ങായി വന്നത് നീയായിരുന്നു.
പക്ഷെ നിന്റെ രൂപം,
എനിക്കുമുന്നിൽ അജ്ഞാതമായി തുടരുന്നു.
'അരൂപിയുടെ' രൂപം പൂണ്ട നീ
ആശ്വസിപ്പിക്കാനായിവന്നപ്പോൾ
ഓർക്കാൻ എനിക്കൊന്നുമില്ലായിരുന്നു.
ഒടുവിൽ നീ കാലത്തിന് പിന്നിൽ
മറഞ്ഞപ്പോൾ,
നിസ്സഹായനായി ഞാൻ തലകുനിച്ചു.
ഓർമകൾക്കായി മനസിൽ പരതി......
ആൾകൂട്ടത്തിനിടയിൽ അവ്യക്തമായ ഒരു മുഖം......?
ഇല്ല.... തോന്നലുകൾ മാത്രം
ഇന്ന് അന്ധനെപ്പോലെ ഞാൻ
ഊന്ന് വടിക്കായി പരതിയപ്പോൾ
ഉൾക്കണ്ണിലുണരുന്നത്,
അവ്യക്തതയിലൊടുങ്ങുന്ന നിന്റെ മുഖം,
ഇനി ഞാൻ രൂപമില്ലാത്തവളെ
പ്രണയിക്കട്ടെ........!!




# വാക്കുകൾ

അനുജ അഹമ്മദ്
രണ്ടാം വർഷ ബി.എ ഇംഗ്ലീഷ്

വാക്കുകൾ ചിറകുകളുള്ളവയായിരിക്കണം
അവ അവയുടെ ചിറകുകൾ വിടർത്തി
പറന്ന് നടക്കണം
വാക്കുകൾക്ക് നിലാവിന്റെ നിറമുണ്ടായിരിക്കണം
അവ നിലാവ് പോലെ മറ്റുള്ളവരുടെ
ഹൃദയത്തിലെങ്ങും പരക്കണം
വാക്കുകൾക്ക് താളവും ഈണവും ഉണ്ടായിരിക്കണം
അവ ഒരു ഗാനം പോലെ,
കേൾക്കുന്നവരിലേക്ക് അലയടിക്കണം
വാക്കുകൾക്ക് അലിവിന്റെ നനവുണ്ടായിരിക്കണം
അവ പാതിരാമഴ പോലെ ആത്മാവിനെ
തണുപ്പിച്ച് പെയ്തിറങ്ങണം
നിന്റെ വാക്കുകൾ ചിറകൊടിഞ്ഞവയാണ്.
എന്റെ ഹൃദയത്തിലൊരിക്കലും,
നിലാവ് ചൊരിഞ്ഞിട്ടില്ലാത്തവ
നിന്റെ വാക്കുകളുടെ അപതാളം എന്റെ
ദു:സ്വപ്നങ്ങൾ
നിന്റെ വാക്കുകൾക്ക് നനവുണ്ട്
പക്ഷേ അലിവിന്റെയല്ല കണ്ണീരിന്റെ
കണ്ണീരിന്റെ നനവുള്ള,
നനഞ്ഞ്കുതിർന്ന നിന്റെ വാക്കുകൾ
എനിക്ക് വേണ്ട
കണ്ണീരിന്റെ നനവുള്ള മൗനസംഗീതം
നിനക്ക് കേൾക്കാനാവില്ല
അതിനാൽ ഞാനെന്റേതു മാത്രമായ വാക്കുകൾ
അലസമായി പെറുക്കിവെച്ച്
കൂട്ടിയോജിപ്പിച്ച്
എന്റെ ജീവിതം വായിച്ചു തീർക്കാൻ
ശ്രമിക്കട്ടെ.

# വയലാർ

ദേവരാജ ഗാനപല്ലവികളാൽ ഒരു ശ്രദ്ധാഞ്ജലി



കറുത്ത ചക്രവാളമതിലുകൾ ചൂഴും
കാരാഗൃഹമാണു ഭൂമി - ഒരു
കാരാഗൃഹമാണു ഭൂമി
തലയ്ക്കു മുകളിൽ ശൂന്യാകാശം
താഴെ നിഴലുകളിഴയും നരകം.

രചന - വയലാർ
സംഗീതം - ദേവരാജൻ
ആലാപനം - സുശീല
ചിത്രം- അശ്വമേധം

നീലാംബരമേ താരാപഥമേ
ഭൂമിയിൽ ഞങ്ങൾക്ക് ദു:ഖങ്ങൾ നൽകിയ
ദൈവമിപ്പൊഴും അവിടെയുണ്ടോ?
അവിടെയുണ്ടോ?

രചന - വയലാർ
സംഗീതം - ദേവരാജൻ
ആലാപനം - മാധുരി
ചിത്രം - ശരശയ്യ

മാനത്ത് ദൈവമില്ല
മണ്ണിലും ദൈവമില്ല
മനസ്സിനുള്ളിലാണു ദൈവം.

രചന - വയലാർ
സംഗീതം - ദേവരാജൻ
ആലാപനം - രാജ
ചിത്രം - ഓടയിൽ നിന്ന്

ഈശ്വരൻ ഹിന്ദുവല്ല
ഇസ്ലാമല്ല; ക്രിസ്ത്യാനിയല്ല
ഇന്ദ്രനും ചന്ദ്രനുമല്ല

രചന - വയലാർ
സംഗീതം - ദേവരാജൻ
ആലാപനം - യേശുദാസ്
ചിത്രം - പോസ്റ്റ്മാനെ കാണാനില്ല

വാനവും ഭൂമിയും തീയും ജലവും
വായുവും നിർമ്മിച്ച വിശ്വശിൽപി
മണ്ണിലെ മനുഷ്യന്റെയന്തരാത്മാവിൽ നീ
നിന്നിലെ നിന്നെ കൊളുത്തിവെച്ചു.

രചന - വയലാർ
സംഗീതം - ദേവരാജൻ
ആലാപനം - ലീല
ചിത്രം - ഒരു പെണ്ണിന്റെ കഥ

ഉദയഗിരി ചുവന്നു
ഒരു യുഗമുണരുന്നു
അശ്വരഥലെഴുന്നെള്ളുന്നു.

ശിൽപി - യുഗ ശിൽപി
രചന - വയലാർ
സംഗീതം - ദേവരാജൻ
ആലാപനം - സുശില
ചിത്രം - അശ്വമേധം.


അശോക് മോഹൻരാജ്

# വെയിൽ.....മഴ

പ്രമോദ് ബാലുശ്ശേരി
ഒന്നാം വർഷ എം.എ. ഇംഗ്ലീഷ്


**വെ**യിൽ വഴിയിൽ
ഒടുക്കത്തെ ഇലയും
പൊഴിയുമ്പോൾ
വേരുകൾ
ഓർമ്മയുടെ
നനവുകൂട്ടങ്ങൾ തേടി
അലഞ്ഞു കൊണ്ടിരിക്കുന്നു

അകലെ
വെളുക്കുവോളം
പെയ്തു നിറഞ്ഞ
മഴക്കണ്ണിൽ
വേനൽ
വെയിൽപ്പട്ടുടുത്ത്
പടിക്കല്ലിൽ
വിയർത്തു നിന്നു.



# യാത്ര

ആതിര അഹമ്മദ്
രണ്ടാം വർഷ ബി.എ ഇംഗ്ലീഷ്



യാത്രയിൽ തിരിഞ്ഞു നോക്കരുത്
രാത്രി നക്ഷത്രങ്ങളോട് വിടപറയാറില്ല
രാത്രി നക്ഷത്രങ്ങളിൽ അലിഞ്ഞുചേരാറേ ഉള്ളൂ
നക്ഷത്രങ്ങളിൽ ഒളിച്ച രാവിന് എന്നും മൗനം
ആ മൗനത്തിലൂടെ ഊർന്നിറങ്ങുന്നത് വാക്കുകൾ
യാത്രാമൊഴിയല്ല, വെറും വാക്കുകൾ
യാത്രയിൽ വിടപറയരുത്
രാവിന്റെ മടിത്തട്ടിൽ നിന്ന് പെയ്യുന്ന
മഴ പുലമ്പുകയാണ്
കണ്ണുനീർത്തുള്ളികൾ മിഴികൾ
തിരിച്ചെടുക്കാറില്ല
മഴ ഇടറിയ സ്വരത്തിൽ സംസാരിക്കുകയാണ്
വെറുതെ, അത് യാത്ര പറയുകയേ അല്ല.